ഒഡേപെക്കിന്റെ പ്രവർത്തനം

122 (2034) ശ്രീ. ഡൊമിനിക്ക് പ്രസന്റേഷൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒഡേപെക്ക് എത്ര പേർക്ക് വിദേശത്ത് തൊഴിൽ നേടിക്കൊടുത്തു ;

(ബി) ഈ സ്ഥാപനങ്ങളിൽ ഇതേവരെ എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(സി) വിദേശ ജോലിക്ക് ആളെ തെരഞ്ഞെടുക്കുന്നതിന്റെ രീതി വിശദമാക്കാമോ ;

(ഡി) കണ്ടെത്തുന്ന തൊഴിലവസരങ്ങൾ സംബന്ധിച്ച വിവരം പ്രധാന പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്താറുണ്ടോ ;

(ഇ) ഉയർന്ന ശമ്പളം ലഭിക്കുന്ന പല ഒഴിവുകളിലേയ്ക്കും പത്രത്തിൽ പരസ്യപ്പെടുത്താതെയാണ് സെലക്ഷൻ നടത്താറുള്ളതെന്ന ആരോപണത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ;

(എഫ്) തൊഴിലാളികളെ റിക്രൂട്ട് ചെയ്തയയ്ക്കുമ്പോൾ അവരുടെ തൊഴിൽ സംരക്ഷണത്തിനോ സുരക്ഷയ്ക്കോ ഈ സ്ഥാപനം കാര്യമായ ശ്രദ്ധ ചെലുത്താറില്ലെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) 477 പേർക്ക്.

(ബി) 5741 പേർ.

(സി) വിദേശത്തുനിന്നും ലഭിക്കുന്ന തൊഴിൽ അവസരങ്ങളിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ ഉള്ള രജിസ്ട്രേഡ് ഉദ്യോഗാർത്ഥികളുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, തൊഴിൽ പരിശീലനം എന്നിവ മുൻഗണനാക്രമത്തിൽ പരിശോധിച്ച് വിദേശ തൊഴിൽ ദാതാവിന് അയച്ചുകൊടുക്കും. ഈ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പ്രസ്തുത ഒഴിവുകൾ പബ്ലിക് റിലേഷൻസ് വകുപ്പ് വഴി കേരളത്തിലെ എല്ലാ പ്രമുഖ മലയാള പത്രങ്ങളിലും പ്രസിദ്ധീകരിക്കുകയും അങ്ങനെ ലഭിക്കുന്ന അപേക്ഷയും വിദേശ തൊഴിൽ ദാതാവിന് അയച്ചുകൊടുക്കും. തുടർന്ന് വിദേശ തൊഴിൽ ദാതാവ് ഒഡേപെക്കിന് അയച്ചുതരുന്ന ഷോർട്ട് ലിസ്റ്റിൽ ഉള്ള ഉദ്യോഗാർത്ഥികളെ വിദേശത്തു നിന്നുവരുന്ന തൊഴിൽ ദാതാവാണ് ഇന്റർവ്യൂ നടത്തി തെരഞ്ഞെടുക്കുന്നത്. ഇന്റർവ്യൂ നടത്തുന്നതിൽ ഒഡേപെക്കിന്റെ ഉദ്യോഗസ്ഥർ ആരും തന്നെ

LIBRARY ARCHIVES Kerala Legislative Assembly

പങ്കെടുക്കാറില്ല. ഇന്റർവ്യൂവിൽ തെരഞ്ഞെടുക്കുന്ന ഉദ്യോഗാർത്ഥികളുടെ വിസ, മറ്റു യാത്രാ രേഖകൾ, അതാതു എംബസി മുഖേന ഒ.ഡി.ഇ.പി.സി. ശരിയാക്കി വിദേശ തൊഴിൽ ദാതാവ് ആവശ്യപ്പെടുന്ന സമയത്തിനുള്ളിൽ അയയ്ക്കുന്നു. അതിനുള്ള ഏറ്റവും കുറഞ്ഞ സർവ്വീസ് ചാർജ്ജ് മാത്രമേ ഉദ്യോഗാർത്ഥിയിൽ നിന്നും ഈടാക്കുന്നുള്ളൂ.

(ഡി) ഉണ്ട്. ഒഡേപെക്കിന്റെ ഡേറ്റാ ബാങ്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ ലഭ്യമല്ലെങ്കിൽ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റു വഴി എല്ലാ പ്രമുഖ പത്രങ്ങളിലും തൊഴിലവസരങ്ങൾ പ്രസിദ്ധീകരിക്കാറുണ്ട്.

(ഇ) പ്രത്യേക തരത്തിലുള്ള ആരോപണം ലഭിച്ചിട്ടില്ല.

(എഫ്) ഇല്ല.

തൊഴിലില്ലായ്മ വേതനത്തിനുള്ള മാനദണ്ഡങ്ങൾ

123 (2035) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലില്ലായ്മ വേതനത്തിന് അർഹരായവരെ തെരഞ്ഞെടുക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സംസ്ഥാനത്ത് തൊഴിലില്ലായ്മ വേതനം അവസാനമായി വിതരണം ചെയ്തതെന്നാണ് എന്ന് അറിയിക്കാമോ ?

ഉത്തരം

(എ) നിലവിലുള്ള മാനദണ്ഡങ്ങൾ താഴെപ്പറയുന്നവയാണ്.

1. പ്രായം 18 നും 35 നും മദ്ധ്യേ.
2. എസ്.എസ്.എൽ.സി. പാസ്സായിരിക്കണം. പട്ടികജാതി-പട്ടികവർഗ്ഗ-വികലാംഗ അപേക്ഷകർക്ക് എസ്. എസ്. എൽ. സി. പാസ്സാകണമെന്നില്ല. പരീക്ഷയ്ക്ക് ഹാജരായാൽ മതി.
3. വാർഷിക കുടുംബ വരുമാനം 12000 രൂപയിൽ കവിയാൻ പാടില്ല.
4. 18 വയസ്സിനുശേഷം തുടർച്ചയായി 3 കൊല്ലം തൊഴിൽ ലഭിക്കാതെ എമ്പ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്ട്രേഷൻ നിലനിറുത്തുന്നവരായിരിക്കണം.
5. വിദ്യാർത്ഥികൾ അപേക്ഷിക്കാൻ പാടില്ല (6 മാസംവരെ ദൈർഘ്യമുള്ള ഹ്രസ്വകാല കോഴ്സുകൾ ഒഴിവാക്കിയിട്ടുണ്ട്)
6. വികലാംഗർക്ക് 18 വയസ്സിനുശേഷം തുടർച്ചയായി രണ്ടുവർഷത്തെ സീനിയോറിറ്റി മതിയാകും.

LIBRARY ARCHIVES Kerala Legislative Assembly